resist this measure. As soon as the principle of inheritance for women is changed, necessary alterations in the system of marriage may be thought of. I am at one with the mover of the Bill, in thinking that the dowry system has become a social evil. Perhaps in the midst of modern tendencies it may be said that it arrests social progress. Perhaps the day of civil marriages may be coming. Companionate marriages may be thought of. But till that day comes, till that order of society comes, we should not use the instrument of legislation to force social reform and much less to deprive women of the small limited rights they enjoy now in makkathayam families. Among certain sections of the people in Travancore inheritance goes to males as well as to females in equal shares or with slight variations. For them, if dowry is a genuine social evil, perhaps an anti-dowry Bill may be all right. Of that, I am not very sure and I do not want to be contentious. As far as my personal experience goes I do not think that the prevailing system in Travancore is a great social evil as it is depicted in this House. There may be some communities which are suffering from this dowry system. But the makkathayee Brahmin and the makkathayee Vellala cannot support this bill in the absence of the right of women to property and the right to inherit. The prohibition of dowry will react against the interests of women.

Therefore I will request Sry. Narayani Amma with all earnestness to withdraw the Bill or at least to propose an amendment excluding all the makkathayees and the Christian too, if they so desire.

MR. P. K. KURIAKOSE : ശ്രീമതി നാരായണിഅമ്മ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന സ്ത്രീധന നിരോധനബില്ലിനെ ഞാൻ ശക്തിയായ! എതിക്കുന്നു. സ്ത്രീധനം എന്നുള്ളതു തന്റെ കുടുംബത്തിൽനിന്നും മാതാപിതാക്കന്മാരാൽ നൽകപ്പെടുന്ന ധനമായിട്ടാണ് കരുതുന്നതു്. ഭർത്താവിന്റെ വീട്ടിൽചെന്നാൽ ഈ തുക വസ്തുവിൽ ഇട്ടോ അല്ലെങ്കിൽ വല്ല ബാങ്കിൽ നിക്ഷേപിച്ചോ അതിൽനിന്നും കിട്ടുന്ന ആദായം എടുത്തു അവരവരുടെ സ്വാതന്ത്ര്യംപോലെ ഉപയോഗിക്കുകയാണ് ചെയ്യുവരുന്നതു്. അതിന് അവർ പ്രത്യേകം കണക്കു വയ്ക്കുകയും ചെയ്യും. ഭർത്താവിന്റെ വരുമാനം എത്രയുണ്ട് ഭാര്യയുടെ വരുമാനം എത്രയുണ്ട് എന്നു നോക്കി മനസ്സിലാക്കുകയും പരസ്പരം സൗഹാർദ്ദമായി ജീവിതം കഴിച്ചുവരികയും ചെയ്യുന്നു. നിർഭാഗ്യവശാൽ ചില അവസരത്തിൽ ഭർത്താവിന്റെ സ്വത്തിന് ഏതെങ്കിലും വിധത്തിൽ ഹാനി സംഭവിക്കുന്ന പക്ഷം ഭാര്യയ്ക്കുള്ള സ്വത്തുകൊണ്ട് ജീവിച്ചുപോരികയും ചെയ്യുന്നു.

ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഒരു പ്രധാന സംഗതി സ്ത്രീധനത്തുക വർദ്ധിച്ചുവരുന്നതുകൊണ്ട് ഒട്ടധികം സ്ത്രീകളുടെ വിവാഹ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kuriakose.]

കമ്മം തക്കസമയത്തു നടത്തുന്നതിന് സാധിക്കുന്നില്ലെന്നാണ്. താൻ നിമിത്തം വിവാഹിതരുടെ ശതമാനം കുറഞ്ഞുകുറഞ്ഞുവരുന്നുവെന്നും ചിലർ പറയുകയുണ്ടായി.

MR. K. R. NARAYANAN : സ്ത്രീധനമില്ലാതെ വരുമ്പോൾ വിവാഹത്തിന്റെ ശതമാനം കൂട്ടുകയല്ലേ ചെയ്യുന്നത്?

MR. P. K. KURIAKOSE : അതു ശരിയാണെന്നു തോന്നുന്നില്ല. അതിനുവേണ്ടി വേറൊരു നിയമംകൂടിഉണ്ടാക്കിയാൽ അപ്രകാരം വന്നേക്കാം. അതായത് പുരുഷന്മാർ ൨൫-ം വയസ്സിനുമുമ്പ് വിവാഹം കഴിച്ചുകൊള്ളണമെന്നു ഒരു നിയമമുണ്ടാക്കണം. അല്ലാതെ വിവാഹത്തിന്റെ ശതമാനം കൂട്ടുമെന്നു ഞാൻ വിചാരിക്കുന്നില്ല. പുരുഷന്മാർ ഈ പ്രായത്തിനുമുമ്പ് വിവാഹം കഴിക്കണമെന്നു ഒരു നിർബന്ധംകൂടി വരണം. സ്ത്രീധനം കൊടുക്കാൻ പ്രാപ്തിയുള്ള കുറെ സ്ത്രീകളുണ്ട്. അതിനുനിവൃത്തിയില്ലാത്തവരുമുണ്ട്. ഇപ്പോൾ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു ധനക്കുറവുള്ളവർക്കും ധനക്കുറവുള്ളവർക്കും താരതമ്യേന തുല്യമായ സാഹചര്യം വിവാഹത്തെ സംബന്ധിച്ചിടത്തോളമുണ്ടായിരിക്കണമെന്നാണ്. അതായത് ഇരുകൂട്ടരേയും ഈക്വലൈസ് ചെയ്യുക. ആർക്കും സ്ത്രീധനമില്ല. സ്ത്രീധനം കൂടാതെതന്നെ കല്യാണം കഴിക്കാൻ സാധിക്കണം. ഈ ഭാഗം സമ്മതിച്ചാൽതന്നെ വിവാഹകാര്യത്തിൽ വേറെ പല അസമത്വങ്ങളുമുണ്ടാകുന്നതാണ്. ആ അസമത്വങ്ങളെങ്ങിനെ പരിഹരിക്കാൻ കഴിയും? സൗന്ദര്യമുള്ള സ്ത്രീകളുണ്ട്. അതുള്ള സ്ത്രീകളുമുണ്ട്. സൗന്ദര്യമില്ലാത്ത സ്ത്രീകൾക്ക് ഭർത്താക്കന്മാരെ ലഭിക്കാൻവേണ്ടി മറ്റുള്ളവരുടെ സൗന്ദര്യം കളയുകയാണോ ചെയ്യേണ്ടതെന്ന് ഞാൻ ചോദിക്കുന്നു. അതുപോലെ ആരോഗ്യമുള്ള സ്ത്രീകളുണ്ട്. ഇല്ലാത്തവരുമുണ്ട്. ഇരുകൂട്ടരും സമനിലയെ പ്രാപിക്കുവാൻ ആരോഗ്യമുള്ളവരെക്കൂടി രോഗികളാക്കുകയാണോ വേണ്ടതു?

പിന്നെ സുശീലകളായ സ്ത്രീകളുമുണ്ട്. അവരെ വിവാഹം കഴിക്കാൻ പലരും ആഗ്രഹിക്കും. സ്വഭാവഗുണമില്ലാത്ത സ്ത്രീകളെ കല്യാണം കഴിക്കാൻ അധികംപേർ തയാറാവുകയില്ല. അതിനുള്ള പരിഹാരം സുശീലകളായുള്ളവരെ ദുസ്സ്വഭാവികളാക്കിത്തീർക്കുകയാണോ? വിദ്യാവിഹീനകൾക്കു ഭർത്താക്കന്മാരെ ലഭിക്കുവാൻ വിദ്യാഭ്യാസം നിരോധിക്കുയാണോ ചെയ്യേണ്ടതു്. ഇതൊന്നുമൊക്കുകയില്ല. വിവാഹത്തെ വർദ്ധിപ്പിക്കുന്നതിന് സ്ത്രീധനം നിറുത്തുകയല്ല വേണ്ടതു്. ഓരോരോ നിലയിൽ ശ്രേഷ്ഠതയുള്ളവർ അന്യോന്യം കല്യാണം കഴിച്ചുപോകട്ടെ. ഈ ശ്രേഷ്ഠ

LIBRARY ARCHIVES Kerala Legislative Assembly

തകളൊന്നുമില്ലാത്ത സ്ത്രീകൾക്കും വിവാഹത്തിന് അപ്പോൾ സൗകര്യം ഉണ്ടാകും. അതിന് സ്ത്രീധനമുപകരിക്കുകയും ചെയ്യും. പുരുഷന്മാരെ സ്വാതന്ത്ര്യമായി വിടാതിരിക്കത്തക്കവണ്ണമുള്ള ഒരു ബില്ലാണ് അത്യാവശ്യമായി വേണ്ടതു്. പെൺകുട്ടിക്ക് 18 വയസ്സായാൽ കല്യാണം കഴിക്കണമെന്ന നിയമംമൂലം നിർബ്ബന്ധമാക്കണം. അതിനുശേഷം ഈ ബില്ലുകൊണ്ടു വരട്ടെ. എങ്ങനെ നോക്കിയാലും ഈ നിയമം സ്വീകാര്യമല്ല. സ്ത്രീധനഏർപ്പാടുകൊണ്ടു് വളരെ സൗഹാർദ്ദതയിലും രമ്യതയിലുമാണ് ഇപ്പോൾ ഓരോ കുടുംബവും കഴിഞ്ഞുപോരുന്നതു്. സ്ത്രീധനം നിറുത്തുന്നപക്ഷം ഈ നിലക്ക് ഭംഗംവരും. സ്ത്രീധനസമ്പ്രദായം സ്വീകരിക്കാത്ത സമുദായങ്ങളാണ് കൂടുതൽ വിഷമിപ്പിക്കുന്നതു്. അതുകൊണ്ടു് കുടുംബജീവിതത്തിന് സ്ത്രീധനം പറ്റിയ ഒരേർപ്പാടാണ്. ഭർത്താവിന്റെ തീരെ അടിമികളല്ല സ്ത്രീകൾ എന്നും അവർക്കും ഒരു സ്റ്റാറസ്സുണ്ടെന്നു കാണിക്കാൻ സ്ത്രീധനം ആവശ്യമാണു്. ഇപ്പോൾ സ്ത്രീധനം നടപ്പിലിരിക്കുന്ന സമുദായങ്ങൾക്കു് അതു് തുടർന്നു കൊണ്ടുപോകണമെന്നുള്ള അഭിപ്രായം ശക്തിമത്തായുണ്ടു്. അവർ അഭിവൃദ്ധിപ്പെട്ടും വരുന്നു. സ്ത്രീകൾക്കു് പുരുഷന്മാരൊടൊപ്പം വസ്തുവകകളിലും മറ്റു സ്വത്തുക്കളിലും അവകാശമുള്ള സമുദായങ്ങളാണ് സ്ത്രീധനം നിറുത്തണമെന്നാവശ്യപ്പെടുന്നതു്. ഈ ബില്ലു പലവിധത്തിലും സ്വീകാര്യമല്ലെന്നുള്ള എന്റെ അഭിപ്രായത്തോടുകൂടി മറ്റു ബഹുമാനപ്പെട്ട മെമ്പറന്മാരും യോജിക്കുമെന്നു വിശ്വസിക്കുന്നു. ബില്ലിനെ ശക്തിയായി എതിർക്കുന്നു.

MR. K. M. PAUL (*Muvattupuzha* cum *Devicolam*): I oppose this Bill, from the point of view of the Christians and more especially from the point of view of the Jacobite Christians to which community I have the privilege to belong.

I am sorry to say that this Bill discloses a lamentable lack of knowledge of the conditions that are prevailing in the Christian community at present. There is no urge from the Christian community or from the Brahmin community for the introduction of any such Bill. Mr. K. R. Narayanan was answering my friend Mr. Chazhikkattu Joseph that if this Bill is passed it will help the Christian community also to a considerable extent. My answer to him is that we do not seek any outside help in the matter of social legislation with regard to our community. Under the provision of this Bill there is prohibition on the part of a rich father to pay anything more than Rs 1,000 to his beloved daughter. There is no law prohibiting us from making a handsome donation to a charitable or other institution. While on the other hand, this Bill prohibits the giving of anything more than Rs. 1,000 to one's beloved daughter. So far, I have not come across a single person in my community who agrees with the provisions of this Bill,

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. M. Paul]

Mr. K. R. Narayanan pointed out that the defects in this Bill can be rectified in the Select Committee. But I find no reason why it should be sent to the Select Committee and I strongly oppose this Bill. I strongly urge on behalf of the community to which I belong that at least the Jacobite Syrian Christians may be excluded from the operation of this Bill.

MR. K. C. THOMAS: I oppose this Bill. Wrong premises lead to false conclusions. The author begins her justifications with the statement that the dowry system among many prominent communities in Travancore is a social evil. When the custom is admitted as a social evil, naturally it would call for a remedy. But who says it is a social evil? On behalf of the people I represent, I can say without fear of contradiction that the system is not considered oppressive, much less evil. Although the insistence for the payment of a proper dowry might have occasioned some difficulties in certain instances, the custom does not deserve the use of that harsh expression "Social Evil". When we say that a certain thing is evil, it must partake of everything that is contrary to the nature of goodness.

Now, it must not be forgotten that dowry is asked of and paid by people who have the capacity to pay. Is it not natural that the daugter when she goes out of her father's house is provided with something to procure for her the comforts of life, as much as the father's means would allow? I cannot understand what evil there is in a contribution towards that purpose.

From the Bill it would seem that the token of love and affection would cease to be an evil, if the amount is reduced to a thousand rupees. "The payment of anything in excess of one thousand rupees shall be punishable." Has it ever occurred to the author that not more than 5 per cent of the people of Travancore could pay a dowry of one thousand rupees? Is it wise to make an enactment to curtail the freedom of the people, for the simple reason that a small fraction of the 5 per cent suffer hardship? Why should it be thought that most of those who pay good dowry are without means to pay that much. Surely it must be conceded that those who advance money or make promises are competent and able alike to apportion values.

It is said that the existing dowry system is "vitiating the sacredness of marriage and is very often the cause of unhappy alliances and family quarrels". What evidence have we? We are living in a century of exaggerated notions about liberty, equality and so forth; and that is why probably some people are conjuring up visions of unhappy alliances and family quarrels, as a result of the dowry system.

Leaving all guesses aside, let us take accomplished facts into consideration. It is an admitted fact that, more than other communities, the Brahmins and the Christians pay dowry most. Have they prayed for any legislation in this respect? And is it not a fact that in point of educational, commercial, agricultural or industrial progress, these two communities do not yield to any other community in the State? If the dowry system had operated as a burden, these two communities would have got themselves exhausted by the practice of so bad a social law for so many centuries.

LIBRARY ARCHIVES Kerala Legislative Assembly

The war has forged many fetters to curtail civilian liberties and has created black markets for many things. The result of the present Bill, if enacted, would be to perpetuate a black market for marriage as well. As if the natural calamities of life are not enough, people seek to introduce legislation to limit even a tangible display of parental affection. Under the pretence of affording relief to hardships, which do not exist in the measure pointed out in the statement of objects and reasons, it aims at the destruction of the family tie.

As an instance of real hardship I may state that if this Bill had become law about this time last year I would have been actually in difficulties to get my daughter married to the young man from British Cochin who has actually married her. No such anti-dowry bill is enacted in Cochin or in the neighbouring British territory and there is nothing to prevent them from asking for or paying the dowry that is proper according to the means of the parties.

I oppose the Bill.

MR P. S. MAHOMED : ശ്രീമതി നാരായണിഅമ്മ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന സ്ത്രീധനനിരോധനബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അങ്ങനെ ചെയ്യുന്നത് മഹമ്മദീയ അനുസരിച്ച് സ്ത്രീകൾക്കുകൂടി പിതാവിന്റെ സ്വത്തിനു പൂർണ്ണാവകാശമുള്ളതുകൊണ്ട് സ്ത്രീധനത്തിന്റെ ആവശ്യമില്ലെന്നുള്ള വിചാരത്താലല്ല. നേരേ മറിച്ച് ഏതു തരത്തിൽ നോക്കിയാലും സ്ത്രീധനം ദോഷകരമാണെന്നു സകലരും സമ്മതിക്കുന്നതുകൊണ്ടാണ്.

MR. CHAZHIKATTU JOSEPH : എല്ലാവരും അങ്ങനെ സമ്മതിക്കുന്നില്ലെന്നറിയാമോ?

MR. P. S. MAHOMED : ഒരു പക്ഷേ സ്ത്രീധനം അനുവദനീയമാണെന്നു ഒരു കൂട്ടർ പറയുന്നുണ്ടെങ്കിലും അതു് ഒരു ദോഷംതന്നെയാണെന്നുള്ള വിചാരത്തോടുകൂടിയാണെന്നു എനിക്കു തോന്നുന്നു.

MR. K. A. MATHEW : സ്ത്രീധനമാണോ അമിതമായ സ്ത്രീധനമാണോ ഏതാണ് ദോഷകരമായിട്ടുള്ളതു്?

MR. P. S. MAHOMED : രണ്ടും ദോഷം തന്നെയാണ്.

MR. A. NESAMONY : Is not a Muhammadan lady entitled to a dowry?

MR. P. S. MAHOMED : നിയമപ്രകാരം സ്ത്രീക്കു ഭർത്താവിൽനിന്നു ലഭിക്കേണ്ടതാണ് സ്ത്രീധനം. അതുകൊണ്ടു് സ്ത്രീധനം കഴിയുമെങ്കിൽ ഇല്ലാതാകുന്നതു് നല്ലതാണ്. അങ്ങനെചെയ്യുമെങ്കിൽ സ്ത്രീധനം കൊണ്ടുണ്ടായിട്ടുള്ള ദോഷങ്ങളും അതംഗീകരിക്കുന്ന സമുദായങ്ങൾക്കുപോലും ഇല്ലായ്മചെയ്യുവാൻ സാധിക്കുമെന്നും ഇല്ലായ്മചെയ്വാൻ അവർ നിർബന്ധിതരായിത്തീരുമെന്നും ഉള്ളതു് തർക്കമറ്റ സംഗതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S NATARAJA PILLAI : Is it the point of view of the honourable member that till the time the succession is all right, this Bill should come into force or is it otherwise ?

MR. P. S. MAHOMED : In both ways.

MR. K. A. MAHOMED : ഇപ്പോൾ സ്ത്രീധനം നടപ്പിലിരിക്കുന്ന സമുദായങ്ങളെ ഈ ബില്ലിൽനിന്നു ഒഴിവാക്കുന്നതിനു വിരോധമുണ്ടോ?

MR. P. S. MAHOMED : ഈ ബില്ലുകൊണ്ടുള്ള പ്രയോജനം തന്നെ അതുകൊണ്ടു ഉണ്ടായില്ല എന്നുവരാം. ഏതെങ്കിലും ഒരു സമുദായത്തെ കുറെക്കാലത്തേക്ക് ഈ ബില്ലിൽനിന്നും ഒഴിവാക്കുന്നതിനു വിരോധമില്ല. എന്നാൽ സ്ത്രീധനനിരോധനസമ്പ്രദായം കൊണ്ടുള്ള ഗുണം എന്താണെന്നു മറ്റു സമുദായങ്ങൾക്കുകൂടി കാണിച്ചുകൊടുക്കുന്നതിലേക്ക് ഇപ്പോൾ സ്ത്രീധനം നിലവിലിരിക്കുന്ന ചില സമുദായങ്ങൾ എങ്കിലും മാതൃകയായി സ്ത്രീധനനിരോധനത്തെ നടപ്പിൽ വരുത്തേണ്ടതാണ്. ചില സമുദായങ്ങൾക്ക് സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ സ്വത്തവകാശമുണ്ട്. എന്നാൽ മറ്റു ചില സമുദായങ്ങളിൽ സ്ത്രീകൾക്ക് സ്വത്തവകാശമില്ല. ഇവർ മറ്റു സമുദായങ്ങളിലുള്ളതുപോലെ സ്ത്രീകൾക്കും സ്വത്തവകാശമുണ്ടായിരിക്കേണ്ടതാണെന്നു ആഗ്രഹിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇവരുടെ ആഗ്രഹം ഫലവത്താകുവാൻ ഒരുപക്ഷേ കുറച്ചു സമയംകൂടി എടുക്കേണ്ടതായി വന്നേക്കാം. അതുവരെ അങ്ങനെ സമുദായങ്ങളെ ഈ ബില്ലിൽനിന്നു ഒഴിവാക്കുന്നതിനു വിരോധമില്ല.

MR. K. A. MAHOMED : മുസ്ലീംസ്ത്രീകൾക്കു കിട്ടുന്ന സ്വത്തവകാശവും മുസ്ലീംപുരുഷന്മാർക്കു കിട്ടുന്ന സ്വത്തവകാശവും ഒരുപോലെയാണോ?

MR. P. S. MAHOMED : ഒരുപോലെ അല്ല. എന്നാൽ സ്ത്രീകൾക്കും സ്വത്തവകാശമുണ്ട്. എന്നാൽ തങ്ങൾക്കു സ്വത്തവകാശം കുറഞ്ഞുപോയി എന്നു മുസ്ലീംസ്ത്രീകൾക്കു പരാതിയില്ല. അതിനു പ്രത്യേകകാരണമുണ്ട്. പുരുഷന്മാർക്കു കിട്ടുന്നതിനെക്കാൾ കൂടുതൽ സ്വത്തുക്കൾ മറ്റു ചില വഴികളിൽക്കൂടി സ്ത്രീകൾക്കു കിട്ടുവാൻ വ്യവസ്ഥയുണ്ട്. എന്നാൽ ഇവിടെ പ്രശ്നം അതല്ല. ചില സമുദായങ്ങളിൽ സ്ത്രീധനം നിലവിലിരിക്കുന്നതുകൊണ്ടു മറ്റു ചില സമുദായങ്ങളിലേക്കുകൂടി അതു പകരുവാൻ തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ പിടിപെട്ടിരിക്കുന്ന വാഴരോഗംപോലെ ഇതു ഒരു സമുദായരോഗമായിത്തീരാതിരിക്കുവാൻവേണ്ടി മാത്രമാണ് ഈ ബില്ലു പാസാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നതു്.

MR. P. K. KURIAKOSE : മറ്റു സമുദായക്കാർ ഇതു പകർത്തുന്നതു് സ്ത്രീധനസമ്പ്രദായം നടപ്പിലാക്കുന്നതുകൊണ്ടുള്ള ഗുണം കണ്ടിട്ടല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR, P. S. MAHOMED : ധനം കണ്ടിട്ടതന്നെ വേണമെന്നില്ല. ചക്ര ത്തോടുള്ള ആശയും ആകർഷണവുംകൊണ്ടുകൂടിയും ആകാം. തങ്ങ ൾക്കു ജീവിക്കുവാനുള്ള വിഷമവും അസൗകര്യവും നിമിത്തം വളരെ ക്ലേശം അനുഭവിക്കുന്ന അവസരത്തിൽ സ്ത്രീധനമായി കുറെ സ്വത്തു കിട്ടുക എന്നുള്ളതിൽ ആശ്വാസപ്പെടുക എന്നുള്ളതു് ഇന്നത്തെനിലക്കു് കേവലം സ്വാഭാവികം തന്നെയാണു്. സ്ത്രീധനസമ്പ്രദായത്തെ തന്നി മിത്തം ധനവാന്മാർക്കു മാത്രമേ സ്വാഗതം ചെയ്യാൻ നിവൃത്തിയുള്ളൂ. എന്നാൽ ഇങ്ങനെയുള്ള നിയമനിർമ്മാണത്തിൽ ഭൂരിപക്ഷം ജനങ്ങ ളുടെ നിലയെയാണു് നാം പരിഗണിക്കേണ്ടതു്. ആ നിലക്കും ഈ ബിൽ നിയമമാക്കേണ്ടതു് അത്യാവശ്യമാണു്.

സർ, ഈ സ്ത്രീധനസമ്പ്രദായം നിരുത്തുന്നപക്ഷം ഇവിടെ ബ്ലാക്കു് മാർക്കറ്റു് ഉണ്ടാകുമെന്നു ചിലർ പറയുകയുണ്ടായി. ഈ ബ്ലാക്കു്മാർക്ക റ്റിനെ, നിയമം അതിനെതിരാണെങ്കിൽ, നമുക്കു് ഫലപ്രദമായി തട യാൻ കഴിയും. ചിലർ ക്രൂരതൽ സ്ത്രീധനം വാങ്ങിക്കുന്നതാണു് തങ്ങൾക്കു ആത്മസ്സു് എന്നു കരുതുന്നുണ്ടു്. ഈ മനഃസ്ഥിതിയാണു് ബ്ലാക്കുമാർക്ക റ്റിനെ ഉണ്ടാക്കുന്നതു്. കുറെ യുവജനങ്ങൾ, ആദർശവാദികളായ യുവാ ക്കന്മാർ, തങ്ങൾക്കു് സ്ത്രീധനമേ ആവശ്യമില്ല, എന്നു് മാതാപിതാക്ക ന്മാരോടു് തന്റേടമായി പറയുവാൻ തയാറാകുന്നപക്ഷം ഈ വിഷയ ത്തിൽ എങ്ങനെ ബ്ലാക്കു്മാർക്കറ്റുണ്ടാകുമെന്നു് ഞാൻ ചോദിക്കുന്നു.

സ്ത്രീകൾക്കു് സ്വത്തവകാശം സിദ്ധിച്ചതിനുശേഷം മാത്രമേ സ്ത്രീ ധനസമ്പ്രദായം നിർത്തൽചെയ്യാവൂ എന്നു് പറയുന്നതിനോടു് എനിക്കും യോജിക്കാൻ കഴിയും. ആവക ഭേദഗതികൾ വേണമെന്നു തോന്നുന്ന പക്ഷം അതു് ബിൽ സെലക്ടുകമ്മിറ്റിക്കു് അയക്കുന്ന അവസരത്തിൽ വേണ്ട ഭേദഗതികൾ വരുത്താൻ കഴിയുന്നതാണു്. ഞാൻ ഈ അഭി പ്രായം പറയുന്നതു് മുസ്ലീംസമുദായത്തിനു് സ്ത്രീധനസമ്പ്രദായം ഇല്ലെ ന്നുള്ളതുകൊണ്ടല്ല.

MR. J. E. A. PERIERA (*Commerce and Industry, South*) : മുസ്ലീം സ്ത്രീകളുടെയിടയിൽ മഹറ് കൊടുക്കുക എന്നൊരു ഏർപ്പാടില്ലേ?

MR. P. S. MAHOMED : അതും സ്ത്രീധനവുമായി യാതൊരു ബന്ധവു മില്ല. മുസ്ലീംസമുദായത്തിലെ ഒരു പുരുഷൻ വിവാഹം ചെയ്താൽ ആ വിവാഹം സാധുവാകണമെങ്കിൽ ഒരു ധനം സ്ത്രീക്കു കൊടുക്കണ മെന്ന വ്യവസ്ഥയുണ്ടു്. അതു പുരാണികമായ ഒരു ആഗമത്തിൽ നിന്നാ ഉണ്ടായിട്ടുള്ള സമ്പ്രദായമാണു്. പ്രൊഫറിന്റെ കാലത്തു മാതാപിതാക്കൾ സ്ത്രീസന്താനങ്ങൾ ജനിക്കുമ്പോൾ തന്നെ അനുരൂപ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

ഭർത്താക്കന്മാരെ ലഭിക്കുന്ന വിഷയത്തിലുള്ള പ്രയാസത്തെ മുൻനിറുത്തി ജീവനോപാധിയായി കഴിച്ചുകൂട്ടുന്ന പതിവുണ്ടായിരുന്നു. സ്ത്രീ സന്താനങ്ങൾക്ക് അങ്ങിനെയുള്ള വഴിയുണ്ടായിരുന്നില്ലാ, വിലയുള്ള വയാണെന്നു വരുത്തുന്നതിനു വരൻ വധുവിനു വിവാഹാവസരത്തിൽ മഹര നല്കുണ്ടെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതിനെത്തുടർന്ന് ഉണ്ടായ മഹമ്മദൻലാ യിൽ മഹരുകൂടി കൊടുക്കണമെന്ന വ്യവസ്ഥചെയ്തിട്ടുണ്ട്.

MR. P. K. KUNJU: മഹമ്മദൻലാ പ്രോഫെറു ഉണ്ടാക്കിയിട്ടുള്ളതാണെന്നാണോ മെമ്പർ പറയുന്നതു?

MR. P. S. MAHOMED: എന്നു ഞാൻ പറഞ്ഞില്ല. പ്രോഫെററിനെത്തുടർന്നുണ്ടായതാണു് മഹമ്മദൻലാ; എന്നാണു ഞാൻ പറഞ്ഞതു്.

MR. P. K. KUNJU: പ്രോഫെററിന്റെ ഉപദേശപ്രകാരമാണോ മഹമ്മദൻലാ ഉണ്ടാക്കിയതു്?

PRESIDENT: If Mr. Mahomed wants to yield his place he may do so, other wise he need not.

MR. P. S. MAHOMED: ഞാൻ പ്രോഫെറെന്നു പറഞ്ഞതു സാധാരണ ജനങ്ങളുടെ വിശ്വാസംവച്ചുകൊണ്ടു് മാത്രമാണു്. അതിനപ്പുറം നമുക്കു് അതിനെപ്പററി ആലോചിക്കേണ്ട ആവശ്യം ഇവിടെയില്ല.

ഇതുസംബന്ധിച്ചുള്ള കേസ്സുകൾ ഉണ്ടാകുന്ന പക്ഷം എന്തെല്ലാമാണു നടപടികൾ നടത്തേണ്ടതെന്നുള്ളതിനെപ്പററി ബില്ലിൽപറയുന്ന വ്യവസ്ഥകൾ അതേപടി അംഗീകരിക്കാമോ എന്നു ഞാൻ സംശയിക്കുന്നു. എന്നാൽ ആവക കാര്യങ്ങളെല്ലാം സെലക്ട് കമ്മിററിയിൽ വച്ചു് ഭേദപ്പെടുത്താമെന്നതേ ഉള്ളൂ. ഇതുയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

MR. C. S. LAKSHMANA AIYAR: I oppose the Bill. In the statement of objects and reasons it is stated that "the Travancore Census report says that dowry marriage is the universal custom among Brahmins and that it is also prevalent among Christians and becoming prevalent among Nairs, Ezhavas and Nanjinad Vellalas.

It is also stated that the practice of parents procuring husbands for their daughters either by payment in cash or by meeting the expenses of their higher education in Indian and foreign Universities is also coming into vogue among Nairs and other Marumakkathayam communities."

It is clear therefrom that the evil, if it is an evil, is prevalent among Brahmins first and amongst the Christians next. Belonging as I do to the Brahmin community, I think it is my duty to say that I

LIBRARY ARCHIVES Kerala Legislative Assembly

oppose the bill for this reason. In this House representatives of the people beloging to my community who are also accredited leaders of my community have pressed and it was not thought fit, that legislation on his head must be introduced by any of them. It is stated that if a ayment is made at the time of the marriage or soon after or before it, it would be a criminal offence and punishable with a conviction. It is quite a serious matter when unless it is felt that by the persons most affected by this evil that protection by means of this legislation is necessary for them it is really meaningless to introduce this Bill in this respect. The infantile marriages have been prohibited and now it is only the grown up girls ihat are married in the Brahmin community or in any other community. At the time of the marriage consistent with his financial position if a father makes a gift to his daughter so that she may set up the house then, if it is to be an offence punishable under the law, I should say, that we are legislating with a vengeance. If it is considered that it is a social evil which has to be combated, that the sacredness of the marriage tie is to be vindicated, then it appears to me reasonable to educate public opinion. Really the passing of a law like this would not have the desired effect, because no parent would be satisfied by taking in as his son-in-law a person whom he considers would not be the best person to marry his daughter. Under the circumstances, if his means would permit, I am sure legislation would not prevent his trying other methods of evading the law. By enacting this law if it is to be assured that he would be wrong, it will take a millennium which can perhaps be attained only by educating public opinion. For these reasons I strongly oppose the introduction of this bill.

MR. S. SANKARANARAYANAN TAMPI: This Blll, initiated as it is by a woman and for that matter an enlightened woman, I am extremely nervous and feel it my most unfortunate duty to have been driven to the position of opposing it.

Sir, this Bill has to be considered from two points of view. One is from the point of view of the difficulties experienced in the matter of finding proper matches for grown up girls and also from the point of view of the economic position of which womanhood in general would be reduced if this piece of legislation is passed. Between the two, one has to choose the lesser of the evils and has to adopt that evil which is conducive to the economic welfare of womanhood rather than to its marital welfare, because I claim to be one who believes that man is by nature an economic being much more than anything else. I would be happy to support the resolution and would have been in entire agreement with the mover of the resolution if this Bill had not been brought forward after the Bill to amend the present Mithakshara law had been introduced. But the Bill, as it exists at present, reduces the economic position of women to an absolute nullity.

Even now the position of women under the Mithakshara law is that they have no substantive rights in property and if by this piece of legislation the granting of dowry by parents is also prohibited and

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Sankaranarayanan Tampi.]

even penalised, I think that is to be viewed very seriously. I am afraid the mover of the Bill in championing the cause of women has unfortunately not looked into the question in all its aspects and not properly understood the implications of the Bill that she has moved. One of the speeches supporting the bill was by the honourable member Mr. K. R. Narayanan, and the arguments he advanced may look *prima facie* capable of carrying conviction into the minds of an average man. The first thing he said was that this is a legislation intended for the salvation of women in general and the All India Women's Conference held in Trivandrum in 1935 passed a resolution the purpose of which was to prevent the dowry system. But I would ask my honourable member also to remember that in the very same conference a resolution was passed by which women demanded equal rights with men for the property belonging to the family. And now Mr. Narayanan comes forward and places before us only that resolution which seeks for preventing the dowry system and I am afraid I must say that he is guilty of *suppressio veri* if not of *suggestio falsi*. Again, by legislating upon this subject at this time, that is before the Mithakshara law is amended, I think it means putting the cart before the horse. Another argument advanced by my friend Mr. Narayanan is that Mahatma Gandhi has in all seriousness remarked at some time or other that those who receive women on a dowry basis were guilty of serious disrespect to womanhood in general. But I may remind the honourable member that Mahatma Gandhi in whatever he says has a particular ideology in mind when he propounds the proposition. His methods of action are entirely different from that of Mr. Narayanan. For, Mahatma Gandhi has always advocated the cause of reform from within when he propounds a theory. He says that those who receive dowry are guilty of disrespect to womanhood. By that it cannot be interpreted to mean that Mahatma Gandhi wanted to prevent the dowry system by legislation. He is one who pleads nonviolence and wants people to reform from within and to put coercive influence upon people to pursue a particular course of action. So it will be wrong to say that because Mahatma Gandhi has stated that dowry system is bad it is right to legislate upon the dowry system in this way so as to prevent womanhood in general from having any right in property whatsoever. My humble submission is that by the introduction of this bill the mover has been guilty of a wrong done to womanhood in general than her championing the cause of womanhood. In all seriousness I oppose this bill.

MR. P. M. VARGHESE: സർ, ഈ സഭയിലെ ഏക വനിതാമെമ്പറായ ശ്രീമതി നാരായണിഅമ്മ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിനെ എതിർക്കേണ്ടിവന്നതിൽ എനിക്കു അതിയായ ഖേദമുണ്ട്. ഈ സഭയിലെ മെമ്പറന്മാർ ആദ്യമായി ചിന്തിക്കേണ്ടതു സ്ത്രീധനം എന്നതിന്റെ അടിസ്ഥാനം എന്താണെന്നാണ്. പുരാതനകാലം മുതൽ സ്ത്രീധനം മറ്റു രാജ്യങ്ങളിലും നടന്നിരുന്ന ഒരു സമ്പ്രദായമായിട്ടാണ് ഞാൻ മന

LIBRARY ARCHIVES Kerala Legislative Assembly

സ്സിലാക്കിയിരിക്കുന്നതു്. റോമൻലായിൽ സ്ത്രീധനത്തെപ്പററി ധാരാളമായി പറഞ്ഞിരിക്കുന്നു. ഇതിനുള്ള അടിസ്ഥാനത്തെപ്പററി മഹാകവി കാളിദാസൻപോലും പറഞ്ഞിരിക്കുന്നതു എന്റെ ഓർമ്മയിൽ വരുന്നു.

"പരസ്വമതേ കുലകന്യകാജനം
പരിഗ്രഹീ തേതമയസ്വസാംപ്രതം–
പരം പ്രസാദം കലയന്തു മേ മനം
തിരിച്ചനൽകിപ്പണയത്തെ എന്നപോൽ".

സ്ത്രീ പരസ്വമെന്നാണു് പറഞ്ഞിരിക്കുന്നതു്. സ്ത്രീയേ വിവാഹം ചെയ്തു അന്യകുടുംബത്തിലേക്കു് അയച്ചുകഴിഞ്ഞാൽ പിന്നെ ആ സ്ത്രീക്കു അവളുടെ കുടുംബത്തിലുള്ള സ്വത്തിനു യാതൊരു അവകാശവും ഉണ്ടാകുന്നു. സ്ത്രീയുടെ വീട്ടുമായുള്ള ബന്ധം വിവാഹത്തോടു കൂടി വിടത്തിവിടുന്നു എന്നാണു് കാളിദാസൻപോലും പറഞ്ഞിരിക്കുന്നതു്. പണം കൊടുത്തുവിടുന്ന ആ സമ്പ്രദായത്തിനാണു് സ്ത്രീധനം എന്നു പറയുന്നതു്. സ്ത്രീധനം കൊടുക്കുന്നതു് എന്തിനാണെന്നു് എന്റെ സ്നേഹിതൻ മി. കെ. ആർ. നാരായണൻ ചോദിച്ചേയ്ക്കാം. അതിനും ഞാൻ ഉത്തരം പറയാം. സ്നേഹിച്ചു വളർത്തുന്ന ഒരു സന്താനത്തെ വീട്ടിൽനിന്നു പറഞ്ഞയക്കുമ്പോൾ യഥാർത്ഥത്തിൽ ആ മകളെ സ്നേഹിക്കുന്ന കാരണവൻ അയാളുടെ ശക്തിക്കനുസരണമായ വിധത്തിൽ അവൾക്കു എന്തെങ്കിലും സംഭാവനയായി കൊടുത്തയയ്ക്കുന്നു. ഇതു് പൂർവ്വകാലംമുതൽ നടപ്പുള്ള ഒരു ആചാരമാണു്. അതാണു് സ്ത്രീധനത്തിന്റെ അടിസ്ഥാനതത്വം. നേരേമറിച്ചു് ബഹുമാനപ്പെട്ട മെമ്പർ മി. കെ. ആർ. നാരായണൻ പറയുന്നതുപോലെ സ്ത്രീകൾക്കു അവരുടെ വീട്ടിലെ സ്വത്തിന്റെ അവകാശം കൊടുക്കണമെന്നു വന്നാൽ അദ്ദേഹം ഉദ്ദേശിക്കുന്ന ഫലം അതിൽനിന്നും ഉണ്ടാകുമോ എന്നു ഞാൻ ബലമായി സംശയിക്കുന്നു. വിവാഹം ഇന്നത്തേക്കാൾ കൂടുതൽ, സ്ത്രീധനസമ്പ്രദായം നിറുത്തിയാൽ നടക്കുമെന്നു അദ്ദേഹം വിശ്വസിക്കുന്നുണ്ടാവാം. വിപരീതമായ അനുഭവമായിരിക്കും ഉണ്ടാകുന്നതെന്നാണു് എന്റെ അഭിപ്രായം. ക്രിസ്തീയസമുദായത്തിൽ വിവാഹം കഴിഞ്ഞു വരുന്നതു സ്ത്രീധനമെർപ്പാടുകൊണ്ടാണെന്നു അദ്ദേഹം ഇവിടെ പറയുകയുണ്ടായി. അതു ശരിയല്ല. ക്രിസ്തീയസമുദായത്തിൽ വിദ്യാഭ്യാസംകൊണ്ടു സ്ത്രീകൾ മറ്റു സമുദായങ്ങളെ അപേക്ഷിച്ചു മുന്നണിയിൽ നില്ക്കുന്നു. വിദ്യാഭ്യാസം സമ്പാദിച്ചുകഴിഞ്ഞ സ്ത്രീകൾ ഒരുവിധത്തിൽ പറഞ്ഞാൽ കൂടുതൽ സ്വതന്ത്രകളായി തീരുകയാണു് ചെയ്യുന്നതു്. അവരുടെ ഭർത്താക്ക

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. M. Varghese]

ന്മാരെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഒരു വക സ്വാതന്ത്ര്യം അവർ പ്രയോഗിച്ചുകാണുന്നുണ്ട്. തങ്ങളുടെ ഭർത്താക്കന്മാർ തങ്ങളോടൊപ്പം വിദ്യാഭ്യാസത്തിലും സൗന്ദര്യത്തിലും യോജിച്ചു നില്ക്കണമെന്ന നിർബന്ധം അവർക്കു കാണും. ഇതെല്ലാമാണ് അവരുടെ വിവാഹത്തിനു തടസ്സങ്ങളായി വരാവുന്ന കാര്യങ്ങൾ. സ്ത്രീധന നിരോധനബിൽ ഒരു വനിതാമെമ്പർ കൊണ്ടുവന്നിരിക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണു ചെയ്യുന്നതു്. ബ്രിട്ടീഷു് പാർലമെൻറിൽ ഒരു മെമ്പർ സ്ത്രീകളെപ്പറ്റി പറയുന്നതു് സ്ത്രീകൾ അവരുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനു തീരെ അപ്രാപ്തരാണെന്നാണു്. തങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിൽ സ്ത്രീകൾക്കു് യോഗ്യതയും ബുദ്ധിയും തീരെ കുറവാണെന്നാണു് അദ്ദേഹത്തിന്റെ പക്ഷം.

MR. CHAZHIKATTU JOSEPH : പാർലമെൻറിൽ അങ്ങിനെ പറഞ്ഞതു് ആരാണെന്നു പറയാമോ?

MR. P. M. VARGHESE : മി. ബെവിൻ.

MR. VARKALA K. MADHAVAN : അതു ശരിയാണെന്നു വിചാരിക്കുന്നുണ്ടോ?

MR. P. M. VARGHESE : ഉണ്ടു്.

MR. K. A. MATHEW: അദ്ദേഹത്തിന്റെ വാക്കുകൾതന്നെ ഉദ്ധരിക്കാത്തതെന്തുകൊണ്ടാണു് ?

MR. P. M. VARGHESE: ഇപ്പോൾ ഓർമ്മയില്ല. അതുകൊണ്ടു് കാരണവന്മാർക്കു് എത്രമാത്രം ധനസ്ഥിതിയുണ്ടോ അതനുസരിച്ചു സ്ത്രീധനം കൊടുക്കുന്നതിനു് അവരെ നിർബന്ധിക്കുകയാണു് ബുദ്ധിയുള്ള സ്ത്രീജനങ്ങൾ ചെയ്യേണ്ടതു്. ഈ ബിൽ ഒരിക്കലും അവരുടെ താല്പര്യങ്ങൾക്കു ഗുണകരമായി തീരുന്നില്ലെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

MR. K. G. KESAVAN NAIR : ശ്രീമതി നാരായണിഅമ്മ രാജിവെക്കിയിരിക്കുന്ന ഈ ബില്ലിനെ ഞാൻ സന്തോഷപൂർവ്വം പിന്താങ്ങുന്നു. അങ്ങനെ ഈ ബിൽ ഞാൻ പിൻതാങ്ങുന്നതു് സ്ത്രീധനസമ്പ്രദായം നടപ്പിൽ ഇല്ലാത്ത ഒരു സമുദായത്തിലെ അംഗമെന്ന നിലയിലല്ലെന്നു പറയുന്നതു വിശ്വസിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ഈ ബില്ലിൽ

LIBRARY ARCHIVES Kerala Legislative Assembly

അടങ്ങിയിരിക്കുന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നത്. വിവാഹത്തിന് പ്രാരംഭമായി പണം കൊടുക്കയും വാങ്ങുകയും ചെയ്യുന്നെന്നുള്ള സമ്പ്രദായം കുറേകൂടി കുറക്കുന്ന ഒരു നിയമമാണ് ഈ ബില്ലുകൊണ്ട് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്. വിവാഹത്തിനു മുൻപായി പണം കൊടുക്കുകയും വാങ്ങുകയും ചെയ്യണമെന്നു പറയുന്നത് ശരിയല്ലെന്നും, വിവാഹത്തിന് ഒരു പ്രതിഫലം നിശ്ചയിക്കുന്നത് സാന്മാർഗ്ഗികമായി ഒരിക്കലും ശരിയല്ലെന്നും ആ ആചാരം പുരാണികകാലത്തു നിലനിന്നിരുന്ന അപരിഷ്കൃതമായ ആചാരങ്ങളിൽ ഒന്നു മാത്രമാണ് എന്നും, സാമാന്യജനങ്ങളുടെ ഇടയിൽ വളരെക്കാലമായി നിലനിന്നുവരുന്ന ഒരു അഭിപ്രായമാണ്. ഈ സമ്പ്രദായം ഏറ്റവും പരിഷ്കൃതരെന്ന് അഭിമാനിക്കുന്ന നാം ഈ ഇരുപതാംനൂറ്റാണ്ടിലും അനുവർത്തിച്ചുപോരുന്നതെന്നു പറയുന്നത് ഒരിക്കലും സ്വീകാര്യമല്ല. മാമൂൽപ്രിയതത്വം ഉപേക്ഷിക്കേണ്ട അവസരം ഏറ്റവും സമാഗതമായിരിക്കുന്നുവെന്നു നാം സമ്മതിച്ചേ തീരൂ. ലോകം മുൻപോട്ടു ഗമിക്കുന്നുവെന്നും, അതോടൊപ്പം തന്നെ മനുഷ്യസമുദായം അഭിവൃദ്ധിയെ പ്രാപിക്കണമെന്നും ഉള്ളതിൽ സംശയമില്ല ഏതെങ്കിലും പുതിയ ഒരു സംപ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കയൊ ആരംഭിക്കയൊ ചെയ്യുമ്പോൾ മാമൂൽപ്രിയന്മാർ എപ്പോഴും അതിനെ ശരിയായി എതിർക്കുന്നു. സമുദായത്തിന്റേയോ, മതത്തിന്റേയൊ പേർ പറഞ്ഞു അതു നടപ്പിൽ വരുത്താതിരിക്കുന്നതു ഒരിക്കലും ശരിയായിട്ടുള്ളതല്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വം സ്വീകരിക്കാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. എന്റെ സ്നേഹിതൻ മി. പി. എസ്സ്. മഹമ്മദ് പറഞ്ഞതുപോലെ സമുദായത്തിന്റെ ഉപരിതലത്തിൽ നിൽക്കുന്ന മുതലാളിമാരുടെ നിലയല്ല നാം പരിഗണിക്കേണ്ടതു്. നേരേമറിച്ചു് സാമാന്യരും സാധുക്കളുമായ ജനങ്ങളുടെ നിലയാണ് നിയമനിർമ്മാതാക്കൾ എന്ന നിലയിൽ നാം എപ്പോഴും കരുതേണ്ടതു്. പരമാർത്ഥത്തിൽ സ്ത്രീധനം കൊടുക്കുന്നതിനു നിർവ്വാഹമില്ലാത്തതുകൊണ്ടു് വിവാഹം കഴിക്കാതിരിക്കുന്ന അനേകം സ്ത്രീജനങ്ങൾ, സ്ത്രീധനം നടപ്പിലിരിക്കുന്ന സമുദായങ്ങളിലുണ്ടെന്നുള്ളതു ഒരു പരമാർത്ഥമാണ്. അതു് നെഞ്ചിൽ കൈവച്ചുകൊണ്ടു് പറയാവുന്ന വെറും സത്യം മാത്രമാണ്. സ്ത്രീധനം കൊടുത്തേ വിവാഹം നടത്താവൂ എന്നുള്ളതുകൊണ്ടു് പല ആളുകളും ഏറ്റവും ചുരുക്കമായി അവക്കുള്ള ഉപകരണങ്ങളും, വസ്തുക്കളും വിറ്റോ പണ്ടങ്ങൾ പണയം വച്ചോ വിവാഹം നടത്തുകയും തൻമൂലം ആ കുടുംബത്തിലുള്ള ബാക്കി അംഗങ്ങൾ നിത്യദാരിദ്ര്യം അനുഭവിക്കേണ്ടിവരികയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. G. Kesavan Nair]

സത്യം തുറന്നു പറഞ്ഞാൽ ഇതാണ് സ്ത്രീധനം നടപ്പിലിരിക്കുന്ന ചില സമുദായങ്ങളിൽ നിലവിലിരിക്കുന്ന സ്ഥിതി എന്നു പറയാതെ നിവർത്തിയില്ല.

അതുകൊണ്ട് പതിനായിരമോ, ഇരുപതിനായിരമോ, അൻപതിനായിരമോ രൂപാ കൊടുത്ത് കല്ല്യാണം കഴിപ്പിക്കുന്നതിന് ശക്തിയുള്ള മുതലാളിമാരുടെ കാര്യമല്ല നാം പരിഗണിക്കേണ്ടത്. നേരേമറിച്ച് സ്ത്രീധനം കൊടുക്കാൻ വിഷമിക്കുന്ന സാധാരണക്കാരുടേയും, സാധുക്കളുടേയും കാര്യമാണ് ചിന്തിക്കേണ്ടത്. ഈ നിയമംകൊണ്ട് ജനനാൽ തന്നെ സ്വത്തവകാശം സിദ്ധിക്കാത്ത സമുദായത്തിൽപ്പെട്ട സ്ത്രീകൾക്ക് കൂടുതൽ വിഷമങ്ങൾ ഉണ്ടാകുമെന്ന എന്റെ സ്നേഹിതൻ മി. ചാഴിക്കാട്ട് ജോസഫ് പറഞ്ഞു. നേരേമറിച്ച് ജനനാൽ സ്ത്രീകൾക്ക് സ്വത്തവകാശം കിട്ടുന്ന സമുദായത്തിൽ ആ ക്ലേശം അനുഭവിക്കേണ്ടിവരികയില്ലെന്നും പറയുന്നതു ശരിയല്ല. ക്രിസ്തീയ സമുദായത്തിലും സ്ത്രീകൾക്ക് സ്വത്തിനവകാശമുണ്ട്. ക്രിസ്ത്യൻ സക്സഷൻ ആക്ടിൽ കല്ല്യാണം കഴിക്കാത്ത സ്ത്രീകൾക്ക് കുടുംബത്തിലെ സ്വത്തിന് അവകാശമുണ്ടെന്നു പറയുന്നുണ്ട്. കല്ല്യാണം കഴിക്കുന്ന സ്ത്രീകൾക്കാണ് സ്വത്തുമായുള്ള ബന്ധം വിടുന്നത്. എന്നാൽ അവർക്കും വസ്തുവിനു പകരം പണം വിവാഹസമയത്തു കൊടുക്കുന്നു എന്നേയുള്ളൂ. ക്രിസ്ത്യൻ സക്സഷൻ ആക്ടിൻപ്രകാരം സ്വത്തവകാശത്തിന്റെ ഒരു നിവൃത്തിമാർഗ്ഗമായിട്ടാണ് സ്ത്രീധനം വച്ചിരിക്കുന്നത്. അഥവാ സ്വത്തവകാശം ഇല്ലെന്നുതന്നെ വകവച്ചാലും സ്ത്രീധനത്തിനു പകരം കുടുംബസ്വത്തിൽ അവർക്കു വീതം കിട്ടത്തക്ക രീതിയിൽ ക്രിസ്ത്യൻ ആക്ടിനെ ഭേദപ്പെടുത്തിയാൽ യാതൊരു വിഷമവും ഉണ്ടാകുകയില്ല. അതുകൊണ്ട് സാധുക്കളുടെ അഭിവൃദ്ധിക്ക് ഈ നിയമം അത്യാവശ്യമാണ്. വിവാഹം ചെയ്യുന്നതിനുള്ള ഒരു കൺഡീഷനായിട്ട് സ്ത്രീധനം കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതിനെ മാത്രമേ ഈ നിയമംകൊണ്ടു തടഞ്ഞിട്ടുള്ളൂ. സ്നേഹാധിക്യമോ, വാത്സല്യാതിരേകംകൊണ്ടോ തന്റെ മകൾ പിരിഞ്ഞു പോകുമ്പോൾ ഒരു പിതാവു് ആ പുത്രിയുടെ വിവാഹം നിശ്ചയിക്കുന്നതിനു മുൻപോ, പിൻപോ എന്തെങ്കിലും കൊടുക്കുന്നതിനെ ഈ നിയമം തടയുന്നില്ല. അതിനാൽ ഈ ബിൽ സിലക്ട് കമ്മിറ്റിക്കയക്കാൻ പാടില്ല, ഇപ്പോൾ തന്നെ തള്ളണം എന്നു പറയുന്നതു് ഒരു കാരണവശാലും സ്വീകരിക്കത്തക്കതല്ലാ എന്നാണ് എനിക്കു പറയാനുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

വിവാഹക്കാര്യം നിശ്ചയിയ്ക്കുമ്പോൾ വിവാഹം കഴിക്കേണ്ട പുരുഷന്മാക്ക് ഒരിക്കലും സ്വാതന്ത്ര്യമുണ്ടായിരിക്കുന്നില്ലാ എന്ന മറൊരു ദോഷത്തെക്കൂടി ഈ സ്ത്രീധന ഏർപ്പാട് വരുത്തിവയ്ക്കുന്നുണ്ട്. വിദ്യാഭ്യാസം സിദ്ധിച്ച ചെറുപ്പക്കാരന്റെ പിതാവ് ഒരു പെൺകുട്ടിയുടെ പിതാവുമായിട്ടോ അല്ലെങ്കിൽ മറ്റാളുകളുമായിട്ടോ തന്റെ പുത്രനുവേണ്ടി വില പറയുകയാണ് ചെയ്യുന്നത്. ആയിരം രൂപാ കൊടുക്കാമെന്നു പറഞ്ഞാൽ അതു പോരാ രണ്ടായിരം കിട്ടണമെന്നു വില പേശുന്ന അളകം വാസ്തവത്തിൽ മറ്റൊന്നാണ് ചെയ്യുന്നത്? പരിഷ്കൃതാശയരായ നാം, പുരുഷന്മാക്ക് വില പേശുന്ന ഈ നയത്തെ സ്വീകരിക്കുന്നത് ശരിയാണോ? അതിനാൽ ഇതിന്റെ തത്ത്വം സ്വീകരിക്കാവുന്നതും ഈ ബില്ലിൽ ഏതെങ്കിലുംഭാഗം രൂപാന്തരപ്പെടുത്തേണ്ടതുണ്ടെങ്കിൽ അതു സിലക്ട് കമ്മിറ്റിയിൽ വച്ച് വരുത്തിക്കൊള്ളാവുന്നതുമാകുന്നു. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

MR. P. K. KUNJU : പല ബഹുമാനപ്പെട്ട മെമ്പറന്മാരും വലിയ വിഷമത്തോടുകൂടിയാണ് ഇന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ എതിർത്തത്. എന്നാൽ എനിക്ക് ഈ ബില്ലിനെ എതിർക്കാൻ വളരെ സന്തോഷമുണ്ട്. കാരണം ജനനംകൊണ്ടും ഇപ്പോഴത്തെ പുരുതലകൊണ്ടും സ്ത്രീകളുടെ സ്വത്തും സ്വാതന്ത്ര്യവും പ്രത്യേക അവകാശവും സംരക്ഷിക്കാൻ ഉത്തരവാദിത്വമുള്ള ശ്രീമതി നാരായണിഅമ്മ സ്ത്രീകളുടെ താല്പര്യത്തിന് വിരുദ്ധമായിട്ടല്ലേ ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത് എന്ന് ഞാൻ സംശയിക്കുന്നു. സ്ത്രീധനം എന്നു പറയുന്നത് പുരുഷനു കിട്ടുന്ന സ്വത്തല്ല. അതു സ്ത്രീക്ക് ലഭിയ്ക്കുന്ന സ്വത്താണ്. ആരോഗ്യപരമായ ഒരു ദാമ്പത്യജീവിതത്തെ പരിരക്ഷിക്കാൻവേണ്ടി ഒരു പിതാവിൽനിന്നോ അതുപോലെ പുരുതലയുള്ള ബന്ധുജനങ്ങളിൽനിന്നോ ഒരു സ്ത്രീക്കു ലഭിക്കുന്ന ഈ സമ്പത്തിന് വേണ്ടെന്നുവയ്ക്കാൻ നിർബന്ധിക്കുന്ന ഒരു ബിൽ ഈ നിയമസഭയിൽ സ്ത്രീകളുടെ പേരിൽ സ്ത്രീകളെ പ്രതിനിധീകരിക്കുന്ന ഒരു മെമ്പർ അവതരിപ്പിക്കുന്നു എങ്കിൽ അതു സ്ത്രീകളെ അല്ല, നേരെ മറിച്ച്, പിതൃജനങ്ങളെയാണ് സഹായിക്കുന്നതെന്നാണ് എന്റെ അഭിപ്രായം. ഈ ബിൽ ഞാൻ ഒരുവേള സ്വീകരിക്കുമായിരുന്നു, അതിൽ ഒരു കണ്ടീഷൻ ഇല്ലായിരുന്നു എങ്കിൽ. ഭർത്താവിന്റെയും പിതാവിന്റെയും സ്വത്തിനവകാശം മുസ്ലീം സ്ത്രീകൾക്കുണ്ട്. സ്ത്രീകളുടെ ഈ ദ്വിശ അവകാശങ്ങളും ഭ്രമഖണ്ഡിച്ചു ആദ്യമായി സ്ഥാപിച്ചതും സ്ത്രീകളുടെ നില ഉയർത്തിയതും ഇസ്ലാം

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kunju]

മതത്തേപ്പറ്റിയാണ്. അതിനും പുറമെ സ്ത്രീധനം എന്ന ഒന്നുകൂടി കൊടുക്കുന്നതിനെ നിരോധിക്കുന്ന എന്നു പറഞ്ഞാൽ മുസ്ലീം സ്ത്രീകളെ സംബന്ധിച്ചിടത്തോളം സ്വീകരിക്കാവുന്നതാണ്. അതുനിമിത്തം ഒരുവേള ഈ ബില്ലിനെ ഞാൻ പിൻതാങ്ങുമായിരുന്നു. പക്ഷേ ബില്ല് ഒരു ജനവിഭാഗത്തെ മാത്രം ഉദ്ദേശിക്കൊള്ളുന്നതല്ല. സ്ത്രീകൾക്കു സ്വത്തവകാശം ഇല്ലാത്ത ചില പ്രത്യേക സമുദായങ്ങൾ ഈ രാജ്യത്തുണ്ട്. ആ സമുദായങ്ങളിൽപ്പെട്ട പിതൃജനങ്ങൾ അവരുടെ സന്താനങ്ങളുടെ നേക്കുള്ള സ്നേഹത്തേയും സന്താനങ്ങൾ സുഖമായി ജീവിക്കണമെന്നുള്ള ആഗ്രഹത്തേയും മുൻനിറുത്തി ചെയ്യാൻ കഴിയുന്ന ചെയ്യുവരുന്ന ഒരേ ഒരു ദാനമാണ് സ്ത്രീധനം. മറുവിധത്തിൽ സ്വത്തവകാശം ഇല്ലാതിരിക്കുന്ന സമുദായത്തിലുള്ള സ്ത്രീകൾക്ക് സ്ത്രീധനംകൂടി കിട്ടുന്നില്ലെങ്കിൽ അത് അവരോട് കാണിക്കുന്ന വലിയ ഒരു അനീതിയാണ്. എന്റെ സ്നേഹിതൻ മിസ്റ്റർ പി. എസ്സ്. മഹമ്മദ് പറയുകയുണ്ടായി ഇത് തിരുവിതാംകൂറിലെ സാധാരണക്കാരായ പാവങ്ങളെ സഹായിക്കുമെന്ന് ആ അഭിപ്രായത്തോട് അനുകൂലിക്കുവാൻ എനിക്കു നിവൃത്തിയില്ല. കാരണം ഈ ബില്ലിൽ സെക്ഷൻ നാലാംഭാഗത്തിൽ ഇങ്ങനെ പറയുന്നു:—

"whoever gives or takes or bargains to give or take....."

ഈ നിയമം നടപ്പിൽ വരുമ്പോൾ ഒരു പിതാവിന് തന്റെ സ്നേഹം, വാത്സല്യം ഇവകളുടെ മാനദണ്ഡത്തിന് ഒരു തെർമോമീറർ ആവശ്യമാണ്: സെക്ഷനിൽ തന്റെ സ്നേഹത്തേയും വാത്സല്യത്തേയും പുരസ്കരിച്ച് ആയിരം രൂപാവരെ കൊടുക്കാൻ സമ്മതിച്ചിട്ടുണ്ട്. അതിനപ്പുറം കൊടുക്കാൻപാടില്ലന്നേയുള്ളൂ. പാവങ്ങളെ മാത്രമേ ഈ ബില്ല് സ്പർശിക്കുന്നുള്ളൂ എങ്കിൽ ആയിരം രൂപാവരെ ഭാവന വാത്സല്യത്തിന്റെ പേരിൽ നാം കാണുമെന്നു ഈ ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നു. നിലവിലിരിക്കുന്ന സമ്പ്രദായമനുസരിച്ചാണെങ്കിൽ പാവപ്പെട്ട കുടുംബങ്ങളിലുള്ളവർക്കു സ്ത്രീധനമായി കിട്ടുന്നത് നൂറോ, ഇരുനൂറോ കൂടിയപക്ഷം മുന്നൂറോ രൂപ ആയിരിക്കും. ആയിരം രൂപാവരെ സ്ത്രീധനം സംഭാവനയുടെ പേരിൽ ആകാം എന്നു പറയുമ്പോൾ അത് എങ്ങിനെ പാവങ്ങൾക്ക് ഉപകരിക്കുമെന്ന് ഞാൻ സംശയിക്കുന്നു. എന്നാൽ വിവാഹം കഴിഞ്ഞു ഏഴു മാസം കഴിയുമ്പോൾ സ്ത്രീധനം ആവശ്യംപോലെ കൊടുക്കുന്നതിന് ബിൽ തടസ്സമല്ലെന്നു അനുമാനിക്കുകയും ചെയ്യാം. ആയിരം രൂപാവരെ എന്നു ക്ലിപ്പപ്പെടുത്തിയിരിക്കുന്നതിന്റെ ഉദ്ദേശവും

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു മനസ്സിലാകുന്നില്ല. വാത്സല്യത്തോടും സംഖ്യയുമായി ഇടപെടുത്തി നിർണ്ണയിക്കുന്നതു രസാവഹമാണു്. ഇക്കാര്യത്തിൽ ഒരു ബ്ലാക്കു് മാർക്കറ്റു് സൃഷ്ടിക്കാൻ ഈ ബിൽ ഉതകുന്നു എന്നു പറയാതെ തരമില്ല. വിവാഹം ചെയ്യുന്ന ഘട്ടത്തിൽ ആയിരം രൂപാ കൊടുക്കാനുദ്ദേശിക്കുന്ന ആൾ ഒരു കൊല്ലം കഴിയുമ്പോൾ അതു് ഇരട്ടിയായി കൊടുക്കേണ്ടിവരും. അതു് ബുദ്ധിമുട്ടാണു്. സ്ത്രീധനംകൊടുക്കാൻ ഇഷ്ടപ്പെടാത്ത പിതാക്കന്മാർക്കു് ഒരു പക്ഷേ ഈ ബില്ലു് അനുഗ്രഹകരമായിരിക്കാം. സ്വന്ത സന്താനങ്ങളെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യണമെന്നാഗ്രഹിക്കുന്ന പുരുഷന്മാർ അവരുടെ അദ്ധ്യാനത്തിനും സമ്പാദ്യത്തിനും അനുയോജ്യമായ തുക പുത്രികളുടെ പേരിൽ കൊടുക്കാൻ സൗകര്യമുള്ള ഒരു സംപ്രദായമാണു് സ്ത്രീധനം. അതിനെ നിഷേധിക്കേണ്ട ആവശ്യമുണ്ടെന്നെനിക്കു തോന്നുന്നില്ല.

MR. A. P. UDAYABHANU: I agree with Sry. Narayàni Amma in the spirit which underlies this Bill. It is revolting that young men should accept bribe for taking a woman as his spouse. But after going through the Bill, I doubt whether it will not become a futile bill at present.

Clauses (8) and (1) are sufficient to set the rebuff to anybody who would attempt to prove an offence as contemplated in this Bill. With such provisions, who would dare to court disaster? These provisions are something like the Upper House in the newly proposed constitutional reforms and are sufficient to counteract the first part of the Bill. They will neutralise the earlier provisions of the Bill.

Again what is this stipulation of Rs. 1,000? For the ordinary man, this amount of Rs. 1,000 is too big a sum. So this Bill may not bring him any relief. And for the rich man, Rs. 1,000 is nothing; he can easily afford to pay Rs. 1,000. So it does not affect him very much. This Bill, therefore, does not safeguard the interests of the ordinary man.

PRESIDENT: The House will now adjourn to meet again tomorrow at 11 A. M.

The House rose for the day at 5 P. M.

S. VAIDYANATHA AIYAR,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly